# കേരള വനം വകുപ്പ്
# തെന്മല വനം ഡിവിഷൻ
## ഇ- ദർഘാസ് പരസ്യം

സി2-4561/24 തീയതി: 13.01.2024

കേരള ഗവർണ്ണർക്ക് വേണ്ടി തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് വനം വകുപ്പിൽ GO(Rt) No. 141/2021/F&WLD dtd. 06.05.2021 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത യോഗ്യതയുള്ള കരാറുകാരിൽ / സ്ഥാപനങ്ങളിൽ നിന്നും ഓൺലൈൻ ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും *www.etenders.kerala.gov.in* എന്ന വെബ് സെറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണ വില എന്നിവ SBT-യുടെ Internet Online Banking വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും *www.etenders.kerala.gov.in* എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ *www.etender.kerala.gov.in* വെബ് സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

ദർഘാസ് ഫോറത്തിന്റെ വില പ്രവർത്തിയുടെ ഉദ്ദേശിക്കുന്ന അടങ്കൽ തുക എന്നിവ താഴെപ്പറയും പ്രകാരമാണ്. ടി വിവരങ്ങൾ ഏകദേശം മാത്രമാണ്. യഥാർത്ഥതുകയും വിവരങ്ങളും ഓൺലൈനിൽ ലഭ്യമായിരിക്കും.

| Sl. No. | Tender No | Ref. No. | Name of Work | Quantity | EMD (Rs.) | Cost of tender fee (Rs)+ 18% GST | Estimate Amount (Rs.) | Class of forest contractors eligible | work period |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 7 | 8 | 9 | 10 | |
| 1 | 33/24-25 | C2-4561/24 | Raising 13000 Nos 20x30 cm size Bigbasketted miscellaneous ( Malaveppu, Vatta, Maruthi,Thanni, Ezhilampala, Kumbil, Manjakadambu, Poovam, Poomaruth, Karimaruth, Venteak, Irul, Vaka, Anjili, Njaval, Venga, Chadachi/Unnam, Kambakam etc) Eco restoration of Kulathupuzha Range at Central Nursery Kulathupuzha during 2024-25 & 2025-26 | 13000 Nos. | 16650/- | 1330+ 240= 1570/- | 6,65,000/- | C and above | 6 Months |
| 2 | 34/24-25 | C5-5181/24 | Raising 7000 Nos. 20x30 cm size Teak big basketted seedlings at Central Nursery, Kulathupuzha during 2024-25 & 2025-26 | 7000 Nos. | 8500/- | =678+ 122= 800/- | 339000/- | C and above | 6 Months |

മുകളിൽ പറഞ്ഞിരിക്കുന്ന ടെണ്ടറിനെ സംബന്ധിക്കുന്ന മറ്റു വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഓൺലൈൻ ടെണ്ടറിനോടൊപ്പം സ്കാൻ ചെയ്ത മറ്റു രേഖകളുടെ പകർപ്പ്, സാധനസാമഗ്രികളുടെ അംഗീകാരം/ഗ്യാരന്റി സംബന്ധിച്ച രേഖകൾ, EMD ഒഴിവാക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (ഉണ്ടെങ്കിൽ) മുതലായവ ഓൺലൈനായി സമർപ്പിക്കേണ്ടതും ഇപ്രകാരം ഓൺലൈനായി സമർപ്പിക്കുന്ന

രേഖകൾ സ്പീഡ്പോസ്റ്റ്/രജി. പോസ്റ്റ് ആയി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുമ്പാകെ ടെണ്ടർ തുറക്കുന്ന തീയതിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതുമാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ NIC/KITM- യിൽ നിന്നോ *www.etenders.kerala.gov.in* വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന contact us – ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ -പേമെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇമെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. കരാറുകാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല. ടെണ്ടർ തുറക്കുന്ന തീയതി ഒരു പൊതു അവധിയായി പ്രഖ്യാപിക്കുകയോ, സാങ്കേതികമായ മറ്റേതെങ്കിലും കാരണങ്ങളാലോ ടെണ്ടർ തുറക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സമയത്തും സ്ഥലത്തും ടെണ്ടർ തുറക്കുന്നതായിരിക്കും. കരാറുകാരുടേയോ അവരുടെ പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ദർഘാസ് തുറക്കുന്നതാണ്. കരാറുകാരോ അവരുടെ പ്രതിനിധികളോ സന്നിഹിതരല്ലെങ്കിലും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ദർഘാസ് തുറക്കുന്നതാണ്.

ദർഘാസ് സംബന്ധമായി വനം വകുപ്പിലും പി.ഡബ്ല്യൂ.ഡിയിലും നിലവിലുള്ള എല്ലാ നിബന്ധനകളും സ്റ്റോർ പർച്ചേസ് റൂളും ഈ ദർഘാസിനും ബാധകമായിരിക്കും.

| | | |
|---|---|---|
| 1 | ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന | www/etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. |
| 2 | കരാറുകാരുടെ ക്ലാസ് (A, B & C class ) | വനം വകുപ്പിൽ GO(Rt) No. 141/2021/F&WLD dtd. 06.05.2021 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാർ. |
| 3 | ഡിവിഷൻ/റെയിഞ്ച് | സെൻട്രൽ നഴ്സറി, കുളത്തൂപ്പുഴ. |
| 4 | ദർഘാസ് പ്രമാണം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി. | 16.01.2025 രാവിലെ 10 മണി. |
| 5 | ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കാവുന്ന തീയതി | 16.01.2025 രാവിലെ 10 മണി മുതൽ 23.01.2025 വൈകിട്ട് 5 മണി വരെ. |
| 6 | ദർഘാസ് തുറക്കുന്ന തീയതിയും സമയവും | 25.01.2025 ഉച്ചയ്ക്ക് ശേഷം 2 മണി . |

കൂടുതൽ വിവരങ്ങൾ തെന്മല ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ കാര്യാലയത്തിൽ നിന്നും (ഫോൺ : 0475-2344521) പ്രവർത്തി ദിവസങ്ങളിൽ ലഭ്യമാണ്.

എ.ഷാനവാസ് ഐ.എഫ്.എസ്,
ഡിവിഷണൽ ഫോറസ്റ്റാഫീസർ,
തെന്മല
(കേരള ഗവർണർക്ക് വേണ്ടി)